'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്-ഇഞ്ചൂർ അംഗൻവാടി കെട്ടിട നിർമ്മാണം-ബഹു.ഹൈക്കോടതിയിൽ ശ്രീ.ടി.എസ്.വിജയകുമാർ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി)നം.8789/2013 മേലുള്ള 10/7/2018-ലെ വിധി ന്യായം നടപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2978/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/11/2018

---

പരാമർശം:- 1 സ.ഉ.(എം.എസ്)നം.32/2010/തസ്വഭവ തീയതി 22.02.2010 (Ext.P2)

2 ഡബ്ല്യൂ.പി.(സി)നം.8789/2013 മേലുള്ള ബഹു.ഹൈക്കോടതിയുടെ 10.07.2018-ലെ വിധിന്യായം

## ഉത്തരവ്

കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2009-10 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 4,39,971/- രൂപ അടങ്കൽ തുക വരുന്ന ഇഞ്ചൂർ അംഗൻവാടി കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി ഏറ്റെടുത്തിരുന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, കോതമംഗലം നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പ്രവൃത്തിയുടെ നടത്തിപ്പിനായി ഒരു ഗുണഭോക്തൃസമിതി രൂപീകരിക്കുകയും ടി സമിതിയുടെ കൺവീനറായി ശ്രീ. വിജയകുമാർ.റ്റി.എസ്.-നെ തെരഞ്ഞെടുക്കുകയും ടിയാൻ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി അസി.എക്സി. എഞ്ചിനീയറുമായി 15.03.2010-ൽ 41/2009-10 നമ്പർ കരാർ ഉടമ്പടി ഒപ്പുവയ്ക്കുകയും ചെയ്തു. ഗുണഭോക്തൃസമിതി 02.07.2010- ൽ പ്രവൃത്തി പൂർത്തീകരിക്കുകയും 12.10.2010-ന് ഫൈനൽ ബിൽ തുകയായ 3,75,293/- രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതിയിൽ, ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് ഗുണഭോക്തൃസമിതി അംഗീകരിച്ച നൽകുന്ന ചെലവുതുക ബന്ധപ്പെട്ട എഞ്ചിനീയർ തയ്യാറാക്കിയ ബിൽതുക ഇവയിൽ ഏതാണോ കുറവ് അതാണ് അനുവദിക്കാൻ കഴിയുന്നത്. ഈ പ്രവൃത്തിയിൽ ഗുണഭോക്തൃസമിതി അംഗീകരിച്ച ചെലവു തുക 3,98,307/- രൂപയും അസി. എഞ്ചിനീയർ തയ്യാറാക്കിയ ഫൈനൽ ബിൽ പ്രകാരമുള്ള തുക 3,57,639/- രൂപയും ആയിരുന്നു. ഇവയിൽ കുറഞ്ഞ തുകയായ CC 1st final bill പ്രകാരമുള്ള 3,57,639/- രൂപ അംഗീകരിച്ച് അനുവദനീയമായ നികുതികൾ [VAT- Rs.14,449/-, KCWWF-Rs.3576 & deducted cost of empty bags- Rs.371/-] ഉൾ പ്പെടെ 3,75,293/- രൂപയാണ് പ്രവൃത്തിക്കായി അനുവദിച്ച് നൽകിയിട്ടുള്ളത്.

2. 2009-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന ടെണ്ടർ എക്സസ് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) ലെ ഉത്തരവ് (Ext.P2) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 15.03.2010-ൽ ഒപ്പ വച്ച കരാർ ഉടമ്പടി പ്രകാരം 02.07.2010-ൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിനും 12.10.2010-ൽ ഫൈനൽ ബിൽ തുക കൈപ്പറ്റിയതിനും ശേഷം 22.02.2010-ലെ സർക്കാർ ഉത്തരവ് പ്രകാരം 20% ടെണ്ടർ എക്സസ് അനുവദിക്കണമെന്ന് അപേക്ഷിച്ച് കൺ വീനർ 14.12.2010- ൽ അസി. എക്സി. എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിച്ചു. ടെണ്ടർ എക്സസ് അനുവദിക്കുന്നത് സംബന്ധിച്ച് പ്രസ്തുത പ്രവൃത്തിയുടെ കരാർ ഉടമ്പടിയിൽ വ്യവസ്ഥ

ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് 26.08.2010-ലെ സാധാരണ മീറ്റിംഗിലെ തീരുമാനം(1) (Ext.p3) പ്രകാരം ടി പ്രവൃത്തിക്ക് ഭരണാനുമതി തുകയിൽ അധികരിക്കാതെ പരമാവധി 20% വരെ അധികരിച്ച നിരക്ക് നൽകുന്നതിന് തീരുമാനിക്കുകയും 22.02.2010-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബിൽ തയ്യാറാക്കുന്നതിന് അസി.എക്സി. എഞ്ചിനീയർ, എൽ. എസ്.ജി.ഡി. സബ് ഡിവിഷനെ ചുമതലപ്പെടുത്തുകയും ചെയ്തു.

3. അസി.എക്സി.എഞ്ചിനീയർ ടെണ്ടർ എക്സസ് അനുവദിക്കാത്തതിനെ തുടർന്ന് കൺവീനർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി)നം.2301/2011 മേലുള്ള 24/01/2011-ലെ വിധിന്യായ പ്രകാരം ഉചിതമായ തീരുമാനമെടുക്കുന്നതിന് ബഹു.ഹൈക്കോടതി അസി.എക്സി.എൻജിനീയർക്ക് നിർദ്ദേശം നൽകി. തുടർന്ന്, എഗ്രിമെന്റിൽ 'ടെണ്ടർ എക്സസ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ കൺവീനറുടെ അപേക്ഷ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന നിലപാട് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എക്സി.എൻജിനീയർ അറിയിച്ചു (Ext.P6). ബഹു. കേരള ഹൈക്കോടതിയുടെ ഡബ്ല്യൂ.പി.(സി)നം.2301/2011 മേലുള്ള 24/01/2011-ലെ വിധി പ്രകാരം കൺവീനർക്ക് അധിക തുക അനുവദിക്കുന്നതു സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തു കമ്മിറ്റി 02/11/2011-ൽ ചർച്ച ചെയ്ത്, നിയമാനുസൃതമായ അധികരിച്ച തുക, പദ്ധതിതുക ലഭിക്കുന്ന മുറയ്ക്ക് കൊടുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി (Ext.P7).

4.ബ്ലോക്ക് പഞ്ചായത്ത് പ്രമേയം പാസ്സാക്കിയിട്ടും തുക ലഭിക്കാത്തതിനെ തുടർന്ന് കൺവീനറായ ശ്രീ.റ്റി.എസ്.വിജയകുമാർ ബഹു. ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി)നം.8789/2013 ഫയൽ ചെയ്തു. ടി കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം(2) വിധിന്യായത്തിൽ, ഹർജിക്കാരന്റെ ക്ലെയിം പരാമർശം(1) സർക്കാർ ഉത്തരവ് (Ext.P2), വിഷയം സംബന്ധിച്ച് 26.08.2010-ലെയും, 02.11.2011-ലെയും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ (Ext.P3 &Ext.P7), നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി (Ext.P6) എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ച്, ടിയാനെ നേരിൽ കേട്ട ശേഷം ടിയാൻ ക്ലെയിം ചെയ്തിരിക്കുന്ന തുക അനുവദനീയമാണെന്നു കണ്ടാൽ (If the amounts are found due to the petitioner by the said Authority) തുടർന്ന് രണ്ടു മാസത്തിനുള്ളിൽ ആയത് ടിയാന് നൽകണം എന്ന് ഉത്തരവായിട്ടുണ്ട്.

5. ബഹു. ഹൈക്കോടതി നിർദ്ദേശിച്ചതനുസരിച്ച് ശ്രീ.റ്റി.എസ്.വിജയകുമാറിനെ 16/11/2018-ൽ നേരിൽ കേട്ടു. ഒരു ചെറുകിട കർഷകനും ഹൃദ്രോഗിയുമായ ടിയാന് വളരെയേറെ സാമ്പത്തിക ബാധ്യതകൾ ഉണ്ടെന്നും 22/02/2010-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ ടെണ്ടർ എക്സസ് 2010 മാർച്ച് മാസം മുതൽ 12% പലിശ സഹിതം അനുവദിച്ച് നൽകണമെന്നും ടിയാൻ ഹിയറിംഗ് വേളയിൽ അഭ്യർത്ഥിച്ചു.

6. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ഒരു പ്രവൃത്തിയെ സംബന്ധിച്ച് ഏറ്റവും അടിസ്ഥാന രേഖ എന്നത് ആ പ്രവൃത്തിയുടെ ഒപ്പുവച്ച കരാർ ഉടമ്പടി ആണ്. കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2009-10 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'ഇഞ്ചൂർ അംഗൻവാടി നിർമ്മാണം' എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിനായി ഗുണഭോക്തൃസമിതി കൺവീനറായ ശ്രീ.റ്റി.എസ്.വിജയകുമാറും നിവ്വഹണ ഉദ്യോഗസ്ഥനായ അസി.എക്സി. എൻജിനീയർ, എൽ. എസ്.ജി.ഡി. സബ് ഡിവിഷൻ കോതമംഗലവുമായി 15/03/2010-ൽ ഒപ്പുവച്ച 41/2009-10 കരാറിലെ 11-ാമത്തെ വ്യവസ്ഥ ചുവടെ പറയും പ്രകാരമാണ്.

**"ചുമതലപ്പെടുത്തിയ എൻജിനീയർമാർ രേഖപ്പെടുത്തുന്ന അളവുകളും കരാർ ഉടമ്പടിയിലെ നിരക്കുകളും അടസ്ഥാനപ്പെടുത്തി തയ്യാറാക്കുന്ന ബിൽ തുകയെക്കാളും കൂടുതലാണ് യഥാർത്ഥത്തിൽ വരുന്ന ചെലവെങ്കിൽ, അങ്ങനെ കൂടുതൽ വരുന്ന തുക കൺവീനർ ഗുണഭോക്താക്കളുടെ സന്നദ്ധ സേവനമായോ, സംഭാവനയായോ സമാഹരിക്കുന്നതാണ്"**

ടി വ്യവസ്ഥയ്ക്ക് വിരുദ്ധമായിട്ടാണ് ടിയാൻ ഇപ്പോൾ ടെണ്ടർ എക്സസ് ക്ലെയിം ചെയ്തിരിക്കുന്നത്. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായിട്ടാണ് ബ്ലോക്ക് പഞ്ചായത്ത് Ext.P3, Ext.P7 പ്രമേയങ്ങൾ പാസ്സാക്കിയിട്ടുള്ളതും. പരാമർശം(1) ഉത്തരവ് പ്രകാരം 2009-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾക്ക്

അനുവദിക്കാവുന്ന ടെണ്ടർ എക്സസ് സംബന്ധിച്ചുള്ള പൊതു മാർഗ്ഗ നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. നിലവിലുണ്ടായിരുന്ന എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി പൂർത്തീകരിക്കാമെന്ന് കരാർ ഉടമ്പടിയിൽ ഏർപ്പെട്ട് പണികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ തുക കൈപ്പറ്റിയ ശേഷം ടി പ്രവൃത്തിക്ക് ടെണ്ടർ എക്സസ് അനുവദിക്കണമെന്നുള്ള കൺവീനറുടെ അപേക്ഷ പരിഗണിക്കാവുന്നതല്ല. മാത്രമല്ല ടി പ്രവൃത്തിയിൽ അധിക തുക ചെലവായതായി നിർവ്വഹണ ഉദ്യോഗസ്ഥനായ എൽ. എസ്.ജി.ഡി. അസി.എക്സി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുമില്ല. ടി പദ്ധതിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ പണിയുടെ മസ്റ്റർറോളും, ബില്ലുകളും വൗച്ചറുകളും അംഗങ്ങൾ വിശദമായി പരിശോധിച്ചതായും ഗുണഭോക്തൃസമിതി അംഗീകരിച്ച ചെലവ് തുക സംബന്ധിച്ച് ആരും തടസം ഉന്നയിച്ചില്ലാത്തതുമാണെന്നും മനസിലാക്കുന്നു. ജനകീയാസൂത്രണ പദ്ധതിയിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് ഗുണഭോക്തൃസമിതി അംഗീകരിച്ച് നൽകുന്ന ചെലവ് തുക, ബന്ധപ്പെട്ട എഞ്ചിനീയർ തയ്യാറാക്കിയ ബിൽ തുക ഇവയിൽ ഏതാണോ കുറവ് അതാണ് അനുവദിക്കേണ്ടത്. ഈ കേസിൽ ഗുണഭോക്തൃസമിതി അംഗീകരിച്ച ചെലവ് തുക 3,98,307/-രൂപയും അസി.എൻഞ്ചിനീയർ തയ്യാറാക്കിയ ബിൽ പ്രകാരമുള്ള തുക 3,57,639/- രൂപയും ആയിരുന്നു. ഇവയിൽ കുറഞ്ഞ തുക അംഗീകരിച്ച് അനുവദനീയമായ നികുതി തുകകൾ സഹിതം 3,75,293/- രൂപ അനുവദിച്ചിട്ടുണ്ട്.

7. കരാർ വ്യവസ്ഥ പ്രകാരം പദ്ധതി നിർവ്വഹണം നടത്താൻ ഗുണഭോക്തൃ സമിതി കൺവീനർ ബാധ്യസ്ഥനാണ്. അതിനാൽ നിലവിലുണ്ടായിരുന്ന എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി പൂർത്തീകരിക്കാമെന്നും അധിക തുക ചെലവായാൽ ആ തുക കൺവീനർ ഗുണഭോക്താക്കളുടെ സന്നദ്ധ സേവനമായോ, സംഭാവനയായോ സമാഹരിച്ചു കൊള്ളാമെന്നുമുള്ള ഉടമ്പടിയിൽ ഏർപ്പെട്ട് 02/07/2010-ൽ പണി പൂർത്തീകരിച്ച് 12/10/2010-ന് ഫൈനൽ ബിൽ തുക കൈപ്പറ്റിയ ശേഷം കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി കൺ വീനർ 20% ടെണ്ടർ എക്സസ് ക്ലെയിം ചെയ്തിരിക്കുന്നത് അനുവദിക്കാനാവില്ല.

8. മേൽ സാഹചര്യത്തിൽ, 20% ടെണ്ടർ എക്സസ് 2010 മാർച്ച് മുതൽ 12% പലിശ സഹിതം അനുവദിക്കണമെന്ന ശ്രീ.റ്റി.എസ്.വിജയകുമാറിന്റെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു. പരാമർശം(2) ലെ ബഹു. ഹൈക്കോടതി വിധിന്യായം മേല്പറഞ്ഞ പ്രകാരം നടപ്പാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം ( With C/L))

ശ്രീ.റ്റി.എസ്.വിജയകുമാർ, തുരുത്തിക്കാട്ട് വീട്, ഇഞ്ചൂർ, വാരപ്പെട്ടി, കോഴിപ്പിള്ളി പി.ഒ.,കോതമംഗലം, എറണാകുളം,

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ബ്ലോക്ക് ഡവലപ് മെന്റ് ഓഫീസർ, കോതമംഗലം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, കോതമംഗലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 201[illegible] 11 [illegible] 12:22:39
IST
Reason: Approved
സെക്ഷൻ ഓഫീസർ